Reg. No. : ....................................

Name : ....................................

**SY-208**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2023

Part – II

Time : $2\frac{1}{2}$ Hours

## മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ടു ഉത്തരം തെരഞ്ഞെടുത്തെഴുതുക. (2 സ്കോർ വീതം)** **(5 × 2 = 10)**

1. കുമാരനാശാന്റെ സീതയ്ക്കും എഴുത്തച്ഛന്റെ ശകുന്തളയ്ക്കും ഉള്ള രണ്ടു സമാനതകൾ കണ്ടെത്തിയെഴുതുക.
   - പുരുഷ കേന്ദ്രിതമായ അധികാരവ്യവസ്ഥയെ ചോദ്യം ചെയ്യുന്ന സ്ത്രീകൾ
   - സ്വതന്ത്രമായി സഞ്ചരിച്ചാൽ സ്ത്രീ ആക്രമിക്കപ്പെടുന്ന അവസ്ഥ.
   - പരിശുദ്ധി ചോദ്യം ചെയ്യപ്പെടുന്ന സ്ത്രീകൾ.
   - രാത്രി നിഷേധിക്കപ്പെടുന്ന സ്ത്രീ ജീവിതം.

2. താഴെ കൊടുത്തിട്ടുള്ളതിൽ നിന്ന് 'ദൈവ ദശകം' എന്ന പാഠഭാഗവുമായി ബന്ധമുള്ള രണ്ടു സൂചകങ്ങൾ എടുത്തെഴുതുക.

- ഭൗതിക ജീവിതം കടക്കാനുള്ള ആവിക്കപ്പലിന്റെ കപ്പിത്താനായി വന്ന് കാത്തുകൊള്ളുക.
- മനുഷ്യ നിർമിതമായ നിയമങ്ങൾക്ക് അനുസൃതമായ ജീവിതം നയിക്കണം.
- ദൈനം ദിന ജീവിതത്തിൽ ഏറ്റവും പ്രധാനമായ അന്നം, വസ്ത്രം മുതലായവ തന്ന് ഞങ്ങളെ രക്ഷിക്കണം.
- ദൈവ പാദങ്ങളെ ശരണം പ്രാപിക്കുന്നത് മനുഷ്യന്റെ സ്വാർഥ ലാഭത്തിനു വേണ്ടിയാകണം.

3. അനുഷ്ഠാന കലാരൂപങ്ങൾക്ക് രണ്ട് ഉദാഹരണം എഴുതുക.

- കഥകളി
- തെയ്യം
- ഭരത നാട്യം
- പടയണി

4. "പുലിക്കോട്ടിൽ ഹൈദർ എല്ലാ അർഥത്തിലും നാട്ടിൻ പുറത്തിന്റെ കവിയാണ്" – ഈ പ്രസ്താവനയെ സാധൂകരിക്കുന്ന രണ്ടു സൂചനകൾ എഴുതുക.

- ഏറനാടൻ ശൈലി ഉപയോഗിച്ചു.
- മോയിൻ കുട്ടി വൈദ്യരുടെ പാത പിന്തുടർന്നു.
- സ്വന്തം ചുറ്റുപാടിനെ ചിത്രീകരിക്കുവാനുള്ള ദാഹം പ്രകടിപ്പിച്ചു.
- അറേബ്യൻ ചരിത്രത്തെ ആസ്പദമാക്കി രചന നടത്തി.

5. "യുക്തി രാഹിത്യം ഹാസ്യത്തിന് കാരണമാകും." എന്ന ആശയം അനാവരണം ചെയ്യുന്ന കവിതയാണ് ചെറിയാൻകെ. ചെറിയാന്റെ 'തേങ്ങ'. ഈ കവിതയെ ആസ്വാദ്യമാക്കുന്ന രണ്ടു യുക്തി രാഹിത്യ പ്രയോഗങ്ങൾ കണ്ടെത്തിയെഴുതുക.

- തലയല്ല തകർന്നത്, തേങ്ങയാണ്
- പെരുന്തൻ തേങ്ങ, ഞെടുപ്പറ്റ് താഴേക്കു പോന്നു.
- ചിരിച്ചു ചിരിച്ചു മരിച്ചു പോകുക.
- തലയിൽ തേങ്ങ വീണാൽ മരണം ഉറപ്പ്.

6. 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗത്തിൽ ഇ-മെയിലിലൂടെ പരിചയപ്പെട്ട അഗ്നിയുടെ കടന്നു വരവോടെ ശ്രീധരന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങളിൽ രണ്ടെണ്ണം തെരഞ്ഞെടുത്തെഴുതുക.

- കുളിക്കാതെ ഇരുകക്ഷങ്ങളിലും ഡി ഓഡറന്റ് സ്പ്രേ ചെയ്ത് ഷർട്ടെടുത്തിട്ട് ആഫീസിലേക്ക് പോകുന്നു.
- രാവിലെ ഉണർന്ന് പല്ലുതേയ്ച്ച് ചായ കുടിച്ച് പത്രവുമായി ഇരിക്കുന്നു.
- പ്രാതൽ കഴിഞ്ഞാണ് പല്ലു തേയ്ക്കുന്നത്.
- ഡോളർ അക്കൗണ്ടും ക്രെഡിറ്റ് കാർഡും തുടങ്ങി.

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക. (2 സ്കോർ വീതം)** $(3 \times 2 = 6)$

7. കടമ്മനിട്ട രാമകൃഷ്ണന്റെ 'കിരാതവൃത്തം' എന്ന കവിതയിലെ അവസാനഭാഗത്ത് കാണുന്ന കാട്ടാളന്റെ പ്രത്യാശയെക്കുറിച്ച് കുറിപ്പെഴുതുക.

8. "അനേകം ദൗർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്ന് ജീവിക്കുന്നത്" (പദത്തിന്റെ പഥത്തിൽ). കലാമണ്ഡലം ഹൈദരലിയുടെ ജീവിതത്തിൽ സംഭവിച്ച രണ്ടു ദൗർഭാഗ്യങ്ങളെ പാഠഭാഗത്ത് നിന്ന് ചൂണ്ടിക്കാട്ടുക.

9. എസ്. കെ. പൊറ്റക്കാടിന്റെ "ബദരിയും പരിസരങ്ങളും" എന്ന യാത്രാവിവരണത്തിൽ നിന്നും കാഴ്ചാ പ്രാധാന്യമുള്ള ഏതെങ്കിലും രണ്ടു സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കുക.

10. "വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ" എന്ന് തലക്കെട്ട് നൽകുന്ന വൈകാരികതയെകുറിച്ച് രണ്ടു ഉദാഹരണങ്ങൾ കുറിക്കുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(6 × 4 = 24)**

11. ഏതെല്ലാം തരത്തിലാണ് ദുഷ്ഷന്തൻ ശകുന്തളയെ അധിക്ഷേപിച്ചതെന്ന് "കണ്ണാടി കാൺമോളവും" എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

12. "പടയണിയുടെ അടിത്തറയിൽ കെട്ടിയുയർത്തിയ കാവ്യ ശില്പമാണ് കടമ്മനിട്ടയുടെ കിരാത വൃത്തം" - എന്ന വിഷയത്തിൽ സംഘടിപ്പിട്ടുള്ള ക്ലാസ്സ് - ചർച്ചയിൽ അവതരിപ്പിക്കുവാൻ പടയണിയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

13. കേശിനി ദമയന്തിയോട് വർണിക്കുന്ന ബാഹുക വിശേഷങ്ങളെപ്പറ്റി വിശദമാക്കുക.

14. ചുവടെ കൊടുത്തിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ കാവാലം നാരായണപ്പണിക്കരുടെ "അഗ്നിവർണന്റെ കാലുകൾ" എന്ന നാടകത്തിന്റെ പ്രമേയവിശകലനക്കുറിപ്പെഴുതുക.

സൂചനകൾ :

(1) അധികാര ജീർണത

(2) ഉപജാപക വൃന്ദത്തിന്റെ പ്രവർത്തനങ്ങൾ

15. "കുടുംബാന്തരീക്ഷത്തിൽ ശാരീരിക പീഡനത്തേക്കാൾ രൂക്ഷമാണ് മാനസിക പീഡനം" –കുഞ്ചൻ നമ്പ്യാരുടെ "കൊള്ളിവാക്കല്ലാതൊന്നും" എന്ന പാഠഭാഗത്ത് ശീലാവതി അനുഭവിക്കുന്ന മാനസിക പീഡനങ്ങളിൽ ഹൃദയ സ്പർശിയായ നാലെണ്ണം ചൂണ്ടിക്കാട്ടുക.

16. "എസ്.കെ. പൊറ്റക്കാട് മനുഷ്യ ജീവിതത്തിനും സാമൂഹികാനുഭവത്തിനും പ്രാധാന്യം നൽകുന്ന എഴുത്തുകാരനാണ്." – ചുവടെ കൊടുക്കുന്ന സൂചനകളിൽ നിന്നും ഏതെങ്കിലും രണ്ടെണ്ണത്തെപ്പറ്റി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ :**

(1) ഹിമാലയൻ താഴ്‌വരയിൽ കൊടും ശൈത്യം സഹിച്ച് അതിർത്തി കാക്കുന്ന പട്ടാളക്കാരുടെ ജീവിതം.

(2) പട്ടാളക്കാർക്ക് ലഭിക്കുന്ന പരിമിതമായ ജീവിത സൗകര്യങ്ങൾ

(3) പട്ടാളക്കാരുടെ ത്യാഗപൂർണമായ ജീവിതം.

17. മാധ്യമങ്ങളുടെ വളർച്ചയിൽ പരസ്യങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഡോ.വി.ആർ. പ്രബോധ ചന്ദ്രന്റെ നിരീക്ഷണങ്ങൾ വിലയിരുത്തുക.

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (3 × 6 = 18)**

18. ഇ.സി.ജി. സുദർശന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ മാതൃഭാഷാ പഠനത്തിന്റെ ആവശ്യകത തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

**സൂചനകൾ :**

(1) വസ്തുതകളുടെ സൂക്ഷ്മാപഗ്രഥനത്തിന് സഹായിക്കുന്നു.

(2) പുതിയ അന്വേഷണങ്ങൾക്ക് ഊർജ്ജം പകരുന്നു.

(3) ചിന്തയെയും അറിവിനെയും സർഗാത്മകമാക്കാൻ സഹായിക്കുന്നു.

19. 'മാജിക്കൽ റിയലിസ'ത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. 'പ്രകാശം ജലം പോലെയാണ് ' എന്ന കഥാഭാഗത്ത് നിന്ന് മാജിക്കൽ റിയലിസം കടന്നു വരുന്ന രണ്ടു സന്ദർഭങ്ങളെ കണ്ടെത്തി വിവരിക്കുക.

20. ഡോ. എം.എൻ. കാരശ്ശേരി പറയുന്ന പുലിക്കോട്ടിൽ ഹൈദറിന്റെ രചനകളുടെ സവിശേഷതകൾ ഉദാഹരണ സഹിതം വ്യക്തമാക്കുക.

21. "നവ മാധ്യമങ്ങൾ ശക്തിയും സാധ്യതയും" എന്ന പാഠഭാഗത്തിന്റെ ആശയങ്ങൾ ഉപയോഗപ്പെടുത്തി "കോവിഡ് കാലത്തെ വിദ്യാഭ്യാസത്തിൽ നവ മാധ്യമങ്ങൾ വഹിച്ച പങ്ക്" എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക.

ചുവടെ കൊടുത്തിട്ടുള്ള കവിതാഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (3 × 2 =

പിൻ സീറ്റിലെത്രസ്റ്റ് നേരെയിരുത്തിട്ടു
മോരം ചരിഞ്ഞു മടങ്ങിയിരുന്നമ്മ
നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്ത് വച്ചിട്ടുണ്ട്
എങ്ങോട്ടു പോകുന്നുവെന്നു ചോദിച്ചില്ല
എന്തിനെന്നും; പക്ഷെ കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ എഞ്ഞാണ വർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ
ജില്ലാശുപത്രിക്കരികിലൊരേയൊരു
രാക്കടമാത്രം ഉറക്കച്ചടവുമായ്
രണ്ടുമൂന്നാളുകളുണ്ടെങ്കിലും പിന്നി
ലുണ്ട്, ഒഴിവു കനത്തൊര രുളിടം
പക്ഷേ, പടികളിലെന്തോ തടഞ്ഞുപോയ്
പണ്ടു പനിച്ചതും അമ്മയെടുത്തുകൊ
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും
അന്നത്തെ സൂചി പ്രയോഗത്തിൽ നീറ്റൽ
പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നു പോയ്.

(റഫീക്ക് അഹമ്മദ്)

22. കവിതാഭാഗത്ത് അമ്മയുടെ കണ്ണുകളെ വിശേഷിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ് ?

23. "കൈച്ചുള്ളികൾ" എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത് ?

24. ജില്ലാശുപത്രിക്കരികിലെത്തിയപ്പോൾ മകന്റെ മനസ്സിലൂടെ കടന്നു പോയതെന്തെല്ലാം ?

25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ വീതം) (2 × 8 = 16)

25. ഫോട്ടോ എന്ന വസ്തുവിനെ കച്ചവടക്കാർ കാണുന്നതുപോലെയാണോ ദിവാകരനും കുട്ടികളും പരിഗണിക്കുന്നത് ? പി. പത്മരാജന്റെ "അവകാശങ്ങളുടെ പ്രശ്നം" എന്ന കഥയെ ചുവടെ കൊടുത്തിരിക്കുന്ന സൂചനകൾ മുൻ നിർത്തി വിശകലനം ചെയ്യുക.

സൂചനകൾ :

(1) തനിക്ക് ആവശ്യമുള്ള ഫോട്ടോ കണ്ടെത്തണം എന്ന ദിവാകരന്റെ നിർബന്ധം.

(2) മരിച്ചു പോയവരുടെ സാന്നിധ്യം ദിവാകരനും കുട്ടികളും ഫോട്ടോയിൽ കണ്ടെത്തുന്നു.

(3) അച്ഛനമ്മമാരുടെ ഛായാപടങ്ങളുടെ അന്വേഷണം സ്വന്തം പൈതൃകത്തിന്റെ അന്വേഷണമായി മാറുന്നു.

(4) ചിത്രങ്ങളുടെ ധാരാളിത്തത്തിൽ മുഖം / സ്വത്വം നഷ്ടപ്പെടുന്ന അവസ്ഥ.

(5) വെളിച്ചത്തിന്റെ പിന്നിലെ ചതി.

26. 'ജന്മസിദ്ധിയും സാധനയുമാണ് കലാകാരനെ രൂപപ്പെടുത്തുന്നതെന്ന് കലാമണ്ഡലം ഹൈദരലിയുടെ ജീവിതാനുഭവങ്ങൾ സാക്ഷ്യം പറയുന്നു. തന്നിട്ടുള്ള സൂചനകളുടെ പിൻ ബലത്തിൽ കലാമണ്ഡലം ഹൈദരലിയുടെ ബാല്യകാല ജീവിതവും തുടർന്നുള്ള പ്രശസ്തിയും പരിശോധിക്കുക.'

സൂചനകൾ :

(1) ദാരിദ്ര്യവും അവഗണനയും നിറഞ്ഞ ഹൈദരലിയുടെ ബാല്യകാലജീവിതം.

(2) ബാപ്പയുടെ സ്നേഹവും വാത്സല്യവും

(3) കലാമണ്ഡലത്തിലെ പഠനകാലം

(4) വാത്സല്യം നിറഞ്ഞ ഗുരുക്കന്മാരുടെ അനുഗ്രഹം.

(5) കഷ്ടപ്പാടുകൾ അതി ജീവിച്ച് നേടിയ പ്രശസ്തി.

27. 'ഗൗളി ജന്മം' എന്ന കഥയിലൂടെ ഗ്രേസി അവതരിപ്പിക്കുന്ന 'സാമൂഹിക വിമർശന തലം' എന്തെന്ന് താഴെ കൊടുത്തിട്ടുള്ള സൂചനകൾക്ക് അനുയോജ്യമായ കഥാസന്ദർഭങ്ങൾ കണ്ടെത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ :**

(1) സ്വാർത്ഥത നിറഞ്ഞ മനുഷ്യബന്ധങ്ങൾ

(2) പുരുഷാധിപത്യ സമൂഹം

(3) അന്ധവിശ്വാസങ്ങൾക്ക് അടിപ്പെട്ട സമൂഹം

(4) ചികിത്സിക്കുന്ന ഡോക്ടർമാരുടെ ഈഗോ

(5) രോഗത്തോടും രോഗിയോടുമുള്ള സന്ദർശകരുടെ അനുഭാവപൂർണമല്ലാത്ത സമീപനം.